**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3834** **15-07-2022 - ൽ മറുപടിയ്ക്ക്**

**കാരക്കാട്ടിൽ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ന്യൂനപക്ഷ ക്ഷേമ വകുപ്പിൽനിന്ന് അനുവദിച്ച കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ കാരക്കാട്ടിൽ കുടിവെള്ള പദ്ധതിക്ക് എത്ര തുകയാണ് അനുവദിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ കാരക്കാട്ടിൽ കുടിവെള്ള പദ്ധതിയുടെ ഭരണാനുമതി പ്രകാരം അനുവദിച്ച തുക 56.50 ലക്ഷം രൂപയാണ്. |
| (ബി) | ഈ പ്രവൃത്തി വാട്ടർ അതോറിറ്റി പൂർത്തിയാക്കി ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ടോ; | (ബി) | വൈദ്യുത കണക്ഷൻ ഒഴികെയുള്ള എല്ലാ പ്രവൃത്തികളും ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി ഏറ്റെടുക്കുന്നതിനായി 02.02.2022-ന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. |
| (സി) | പുറമ്പോക്ക് ഭൂമിയിൽ സ്ഥാപിച്ച പമ്പ് ഹൗസിന് പഞ്ചായത്ത് നമ്പറിട്ട് നൽകാത്തത് കാരണം വൈദ്യുതി കണക്ഷൻ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | 25.06.2022-ലെ ജില്ലാ വികസന സമിതി യോഗം പദ്ധതിയുടെ പമ്പ് ഹൗസിന് വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനായി ഓണർഷിപ്പ് സർട്ടിഫിക്കറ്റ് നൽകാൻ കിഴക്കോത്ത് പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ഗുണഭോക്തൃ പട്ടിക തയ്യാറാക്കി സർട്ടിഫിക്കറ്റ് നൽകിയ ഗ്രാമപഞ്ചായത്ത് ജില്ലാ കളക്ടറുടെ നിർദ്ദേശമുണ്ടായിട്ടും നമ്പർ ഇട്ടു നൽകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ഡി) | 25.06.2022-ലെ ജില്ലാ വികസന സമിതി യോഗതീരുമാനം നടപ്പിലാക്കുന്നതിന് കോഴിക്കോട് ജില്ലാ കളക്ടർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറേയും, കിഴക്കോത്ത് പഞ്ചായത്ത് സെക്രട്ടറിയേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ